എ.വൈ.ആർ


സൂറ-10

# യൂനുസ്

إِنَّمَا مَثَلُ ٱلْحَيَوٰةِ ٱلدُّنْيَا كَمَآءٍ أَنزَلْنَٰهُ مِنَ ٱلسَّمَآءِ فَٱخْتَلَطَ بِهِۦ نَبَاتُ
ٱلْأَرْضِ مِمَّا يَأْكُلُ ٱلنَّاسُ وَٱلْأَنْعَٰمُ حَتَّىٰٓ إِذَآ أَخَذَتِ ٱلْأَرْضُ زُخْرُفَهَا
وَٱزَّيَّنَتْ وَظَنَّ أَهْلُهَآ أَنَّهُمْ قَٰدِرُونَ عَلَيْهَآ أَتَىٰهَآ أَمْرُنَا لَيْلًا أَوْ نَهَارًا
فَجَعَلْنَٰهَا حَصِيدًا كَأَن لَّمْ تَغْنَ بِٱلْأَمْسِ ۚ كَذَٰلِكَ نُفَصِّلُ ٱلْءَايَٰتِ
لِقَوْمٍ يَتَفَكَّرُونَ ﴿٢٤﴾

**24** ഇഹലോക ജീവിതത്തിന്റെ ഉദാഹരണം, നാം മാനത്തുനിന്ന് പെയ്തിറക്കിയ മഴപോലെ മാത്രമാണ്. അതുവഴി മനുഷ്യരും കാലികളും ആഹരിക്കുന്ന പലവക സസ്യങ്ങൾ മണ്ണിൽ മുളച്ചു വളർന്നു. അങ്ങനെ ഭൂമി അതിന്റെ ആഭരണങ്ങളണിഞ്ഞ് അലംകൃതയായി. വിളകൾ കൈയിലണഞ്ഞുവെന്ന് അതിന്റെ ഉടമകൾ ഭാവിച്ചിരുന്നപ്പോൾ, പെട്ടന്നതാ ഒരു രാത്രിയോ പകലോ നമ്മുടെ വിധി അതിനെ പിടികൂടുകയായി. ഇന്നലെ അങ്ങനെയൊരു വിള അവിടെ ഉണ്ടായിട്ടില്ലാത്തവണ്ണം തൽക്ഷണം നാം അതിനെ നിശ്ശേഷം നശിപ്പിച്ചു കളഞ്ഞു. ചിന്തിച്ചു ഗ്രഹിക്കുന്ന ജനത്തിനുവേണ്ടി ദൃഷ്ടാന്തങ്ങൾ ഇവ്വിധം വിവരിച്ചു തരികയാകുന്നു.

وَٱللَّهُ يَدْعُوٓا۟ إِلَىٰ دَارِ ٱلسَّلَٰمِ وَيَهْدِى مَن يَشَآءُ إِلَىٰ صِرَٰطٍ
مُّسْتَقِيمٍ ﴿٢٥﴾

**25** അല്ലാഹു വിളിക്കുന്നത് സമാധാന ഗേഹത്തിലേക്കത്രെ. താനിഛിക്കുന്നവരെ അവൻ നേർവഴിക്കു നയിക്കുന്നു.

۞ لِّلَّذِينَ أَحْسَنُوا۟ ٱلْحُسْنَىٰ وَزِيَادَةٌ ۖ وَلَا يَرْهَقُ وُجُوهَهُمْ قَتَرٌ
وَلَا ذِلَّةٌ ۚ أُو۟لَٰٓئِكَ أَصْحَٰبُ ٱلْجَنَّةِ ۖ هُمْ فِيهَا خَٰلِدُونَ ﴿٢٦﴾

**26** നന്മ ചെയ്തവർക്ക് അതിനെക്കാൾ നല്ലതു പ്രതിഫലം ലഭിക്കുന്നു. കൂടുതലും ലഭിക്കുന്നു. അവരുടെ മുഖങ്ങളിൽ കരിപുരളുകയില്ല. അവർ നിന്ദിക്കപ്പെടുന്നതുമല്ല. അവരത്രെ സ്വർഗാവകാശികൾ. അതിലവർ നിത്യവാസികളാകുന്നു.

إِنَّمَا مَثَلُ ٱلْحَيَوٰةِ ٱلدُّنْيَا= ഇഹലോക ജീവിതത്തിന്റെ ഉദാഹരണം, ഉപമ كَمَآءٍ= വെള്ളം(മഴ) പോലെ മാത്രമാകുന്നു
أَنزَلْنَٰهُ= നാം അതിനെ ഇറക്കി(നാം പെയ്തിറക്കിയ) مِنَ ٱلسَّمَآءِ= മാനത്തുനിന്ന് فَٱخْتَلَطَ= അപ്പോൾ ഇടകലർന്നു(മുളച്ചു വളർന്നു)
بِهِۦ= അതുകൊണ്ട്, അതുവഴി نَبَاتُ ٱلْأَرْضِ= ഭൂമിയിലെ(മണ്ണിൽ പലതരം) സസ്യങ്ങൾ مِمَّا يَأْكُلُ= ആഹരിക്കുന്നതിൽപെട്ട
ٱلنَّاسُ= മനുഷ്യർ وَٱلْأَنْعَٰمُ= കാലികളും حَتَّىٰٓ إِذَآ أَخَذَتِ ٱلْأَرْضُ= അങ്ങനെ ഭൂമി എടുത്ത(അണിഞ്ഞ്)പ്പോൾ
زُخْرُفَهَا= അതിന്റെ മോടി(ആഭരണം) وَٱزَّيَّنَتْ= അലംകൃതമാവുകയും ചെയ്തപ്പോൾ
وَظَنَّ= ഭാവിച്ചു(ച്ചിരുന്നപ്പോൾ) أَهْلُهَآ= അതിന്റെ ഉടമകൾ أَنَّهُمْ= എന്തെന്നാൽ അവർ
قَٰدِرُونَ عَلَيْهَآ= അതിന്മേൽ കഴിവുള്ളവരാണെന്ന്(വിളകൾ കൈയിലണഞ്ഞുവെന്ന്)

أَتَىٰهَآ = (പെട്ടെന്ന്) അതിന് വന്നു(പിടികൂടുകയായി) أَمْرُنَا = നമ്മുടെ കാര്യം, വിധി لَيْلًا = രാത്രിയിൽ أَوْ نَهَارًا = അല്ലെങ്കിൽ പകലിൽ

فَجَعَلْنَٰهَا حَصِيدًا = അപ്പോൾ നാം അതിനെ കൊയ്യപ്പെട്ടതാക്കി (തൽക്ഷണം നശിപ്പിച്ചുകളഞ്ഞു)

كَأَن لَّمْ تَغْنَ = (അങ്ങനെയൊരു വിള അവിടെ) അത് ഉണ്ടായിട്ടില്ലാത്തവണ്ണം بِٱلْأَمْسِ = ഇന്നലെ كَذَٰلِكَ = ഈവിധം

نُفَصِّلُ = നാം വിവരിച്ചു കൊടുക്കുകയാകുന്നു ٱلْءَايَٰتِ = ദൃഷ്ടാന്തങ്ങൾ

لِقَوْمٍ يَتَفَكَّرُونَ = ചിന്തിക്കു(ച്ചുഗ്രഹിക്കു)ന്ന ജനത്തിനുവേണ്ടി وَٱللَّهُ يَدْعُوٓا۟ = അല്ലാഹു വിളിക്കുന്നു(ന്നത്)

إِلَىٰ دَارِ ٱلسَّلَٰمِ = സമാധാന ഗേഹത്തിലേക്കത്രെ وَيَهْدِى = അവൻ നയിക്കുന്നു, മാർഗദർശനം ചെയ്യുന്നു

مَن يَشَآءُ = അവൻ ഇഛരിക്കുന്നവരെ إِلَىٰ صِرَٰطٍ مُّسْتَقِيمٍ = നേരായ വഴിയിലേക്ക്

لِّلَّذِينَ أَحْسَنُوا۟ = നന്മ ചെയ്തവർക്ക് ഉണ്ട് (ലഭിക്കുന്നു) ٱلْحُسْنَىٰ = ഏറ്റം(അതിനെക്കാൾ) നല്ലത് وَزِيَادَةٌ = കൂടുതലും(ലഭിക്കുന്നു)

وَلَا يَرْهَقُ = മൂടുക, പുരളുകയില്ല وُجُوهَهُمْ = അവരുടെ മുഖങ്ങളെ قَتَرٌ = കറുത്ത ധൂളി (കരി)

وَلَا ذِلَّةٌ = നിന്ദ്യതയുമില്ല (അവർ നിന്ദിക്കപ്പെടുന്നതുമല്ല) أُو۟لَٰٓئِكَ = അവരത്രെ

أَصْحَٰبُ ٱلْجَنَّةِ = സ്വർഗത്തിന്റെ ആളുകൾ, അവകാശികൾ هُمْ = അവർ فِيهَا = അതിൽ

خَٰلِدُونَ = ശാശ്വതർ(നിത്യവാസികൾ) ആകുന്നു

**24:** പരലോക ജീവിതത്തെ അപേക്ഷിച്ച്, സത്യനിഷേധികൾ സർവസ്വമായി കരുതുന്ന ഭൗതിക ജീവിതവും അതിലെ സുഖ സന്തോഷങ്ങളും ക്ഷണഭംഗുരമാണെന്ന് മുൻ സൂക്തത്തിൽ സൂചിപ്പിച്ചുവല്ലോ. ഭൗതിക ജീവിതത്തിന്റെ നശ്വരതയെ മൊത്തം ജൈവപ്രതിഭാസങ്ങളുടെ ക്ഷണികതയോടും അസ്ഥിര തയോടും സമീകരിച്ച് വിശദീകരിക്കുകയാണീ സൂക്തം. ഇന്ന ലത്തെ മഴക്ക് ഇന്ന് മുളച്ചുപൊങ്ങി നാളെ കരിഞ്ഞുപോകുന്ന പുൽച്ചെടിപോലെയേ ഉള്ളൂ ഈ ഭൗതിക ജീവിതം. സജ്ജനങ്ങ ളുടെയും ദുർജനങ്ങളുടെയും എല്ലാം ജീവിതത്തിന്റെ അവസ്ഥ ഇതുതന്നെയാണ്. പക്ഷേ, സജ്ജനങ്ങൾക്ക് നശ്വരമായ ഈ ജീവിതം കൊണ്ട് തങ്ങളുടെ അനശ്വരമായ പരലോക ജീവിതം പടുത്തുയർത്താൻ കഴിയുന്നു. ദുർജനത്തിനാവട്ടെ, പരലോക ജീവിതം -ചിലപ്പോൾ ദൈവശിക്ഷ ക്ഷണിച്ചു വരുത്തുന്നതി ലൂടെ ഈ ജീവിതവും- നഷ്ടപ്പെടുന്നു. മുഹമ്മദിനെ തള്ളിപ്പറ ഞ്ഞാൽ ദൈവികശിക്ഷയുണ്ടാകുമെങ്കിൽ ആ ശിക്ഷയൊന്നു സംഭവിച്ചു കാണട്ടെ, എന്ന അവിശ്വാസികളുടെ വെല്ലുവിളിയുടെ പശ്ചാത്തലത്തിൽ ആ വശത്തിന് ഊന്നൽ നൽകികൊണ്ടാണീ ഉദാഹരണം അവതരിപ്പിച്ചിട്ടുള്ളത്.

ജലത്തിൽനിന്നാണ് എല്ലാ ജൈവവസ്തുക്കളുടെയും ഉത്ഭവം. മനുഷ്യനും രൂപംകൊള്ളുന്നത് ഈ ജലത്തിൽനിന്നുത ന്നെ. എല്ലാ ജീവജലവും അല്ലാഹുവിന്റെ ദാനമാണ്.

أَفَرَءَيْتُمُ ٱلْمَآءَ ٱلَّذِى تَشْرَبُونَ ﴿٦٨﴾ ءَأَنتُمْ أَنزَلْتُمُوهُ مِنَ ٱلْمُزْنِ أَمْ نَحْنُ ٱلْمُنزِلُونَ ﴿٦٩﴾

(നിങ്ങൾ കുടിക്കുന്ന വെള്ളത്തെക്കുറിച്ച് ആലോചിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ മേഘങ്ങളിൽനിന്ന് അത് പെയ്തിറക്കുന്നത്, അതോ പെയ്തിറക്കുന്നവൻ നാമാണോ? – 56:68,69).

أَفَرَءَيْتُم مَّا تُمْنُونَ ﴿٥٨﴾ ءَأَنتُمْ تَخْلُقُونَهُۥٓ أَمْ نَحْنُ ٱلْخَٰلِقُونَ ﴿٥٩﴾

(നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെക്കുറിച്ചാലോചിച്ചുനോ ക്കിയിട്ടുണ്ടോ? നിങ്ങളാണോ അതു സൃഷ്ടിച്ചത്, അതല്ല സ്രഷ്ടാവ് നാമോ? – 56:58,59).

ٱخْتَلَطَ بِهِۦ نَبَاتُ ٱلْأَرْضِ- എന്ന വാക്യത്തെയാണ്, 'അതുവ ഴി പലതരം സസ്യങ്ങൾ മണ്ണിൽ മുളച്ചു വളർന്നു' എന്നു തർജമ ചെയ്തിട്ടുള്ളത്. വ്യത്യസ്ത വസ്തുക്കൾ കൂടിക്കലരൽ, കൂടിക്ക ലർന്ന് വികസിക്കൽ എന്നീ അർഥമുള്ള اختلاط ൽ നിന്നുള്ള ക്രിയയാണ് اختلط. മഴ ലഭിക്കുമ്പോൾ മണ്ണിൽ പലതരം സസ്യല താദികൾ തഴച്ചു വളരുന്നതിനെയാണ് ഇവിടെ അതുകൊണ്ട് സൂചിപ്പിക്കുന്നത്. സ്വർണം, മോടി, ആർഭാടം എന്നൊക്കെയാണ് زخرف ന്റെ അർഥം. സസ്യങ്ങളെ ഭൂമിക്ക് മോടി കൂട്ടുന്ന ആഭരണ ങ്ങളായി കൽപിച്ചിരിക്കുകയാണിവിടെ. ازّين യുടെ സ്ത്രീലിംഗ രൂപമാണ് ٱزَّيَّنَتْ. ഇതിന്റെയും تزيّنന്റെയും അർഥം ഒന്നു (അ ലംകൃതമായി) തന്നെയാണ്. വിളകൾ പുഷ്ടിയോടെ വളർന്നു വരുമ്പോൾ കർഷകരുടെ മനസ്സിലുണരുന്ന പ്രതീക്ഷകളെയും സ്വപ്നങ്ങളെയുമാണ് وَظَنَّ أَهْلُهَآ أَنَّهُمْ قَٰدِرُونَ عَلَيْهَآ എന്ന വാക്യം സൂചിപ്പിക്കുന്നത്. ഒരു കാര്യം സംബന്ധിച്ചുള്ള അറിവും അത് കൈകാര്യം ചെയ്യാനുള്ള കഴിവുമാണ് قدرة. അതിൽനിന്നുള്ള കർതൃപദമാണ് قادر. വിള പാകമാകുന്നതിനു മുമ്പെ ചെടിയുടെ വളർച്ച കണ്ട് കർഷകൻ അതിൽനിന്ന് ലഭി ക്കാവുന്ന ഫലത്തിന്റെ ഗുണങ്ങൾ കണക്കാക്കുകയും തനിക്കത് ഇന്നയിന്ന കാര്യങ്ങൾക്ക് പ്രയോജനപ്പെടുത്താമെന്ന് നിശ്ചയിക്കു കയും ചെയ്യുന്നു. ഇങ്ങനെ നൂറു നൂറു സ്വപ്നങ്ങൾ നെയ്തു കൊണ്ടിരിക്കുമ്പോഴായിരിക്കും പെട്ടെന്ന് ഒരു അതിവൃഷ്ടി, അല്ലെങ്കിൽ ചുഴലിക്കാറ്റ്, അതുമല്ലെങ്കിൽ ഒരു കീടബാധ വന്നെ ത്തുന്നത്. അതോടെ എല്ലാം നശിക്കുന്നു. ആ കൃഷിയിടത്തിൽ ഇന്നലെ ഒരു വിള വളർന്നിട്ടേയില്ലാത്തതുപോലെ ശൂന്യ മായിത്തീരുന്നു.

امرنا (നമ്മുടെ വിധി) കൊണ്ടുദ്ദേശ്യം നശീകരണ വിധിയാ ണ്. നാശനഷ്ടങ്ങളും അത്യാഹിതങ്ങളും മനുഷ്യർക്ക് യാദൃഛി കമായി അനുഭവപ്പെടുന്നുവെങ്കിലും യഥാർഥത്തിൽ എല്ലാം അല്ലാഹുവിങ്കൽനിന്നുള്ള സുനിശ്ചിതമായ നടപടികളാണെന്ന് ' നമ്മുടെ വിധി' എന്ന വാക്ക് വ്യക്തമാക്കുന്നു. അതു രാത്രിയോ പകലോ അവനുദ്ദേശിക്കുന്ന ഏതു സമയത്തും സംഭവിക്കാം. തടയാനോ നിർത്തിവെപ്പിക്കാനോ ആർക്കും കഴിയില്ല.

ഇതേപ്രകാരം അല്ലാഹുവിന്റെ വിധി സമാഗതമാകുമ്പോൾ അത് ആഗതമാകുന്ന സമയത്തുതന്നെ അവൻ നിങ്ങളെ നാമാവ ശേഷമാക്കും. നിങ്ങളുടെ ധാടിയും മോടിയും സമ്പത്തും ശക്തി

യുമൊന്നും അതിനു തടസ്സമാവില്ല. അതുകൊണ്ട് സ്വന്തം പുരോഗതിയിലും നേട്ടങ്ങളിലും അഹങ്കരിച്ച് അല്ലാഹുവിനെ വെല്ലുവിളിക്കാതിരിക്കുക. ശിക്ഷയുടെ ദൃഷ്ടാന്തങ്ങളാണ് നിങ്ങൾ കാണാനാഗ്രഹിക്കുന്നതെങ്കിൽ ഭൂതകാല ചരിത്രത്തിൽ അതു ധാരാളമുണ്ട്. അതേപറ്റി സത്യബോധത്തോടെ ചിന്തിക്കാൻ കഴിവുള്ളവർ ചിന്തിച്ചുനോക്കുക. മറ്റുള്ളവരുടെ അനുഭവങ്ങൾ കേട്ടറിഞ്ഞും കണ്ടറിഞ്ഞും പാഠംപഠിക്കുന്നവരാണ്; സ്വയം കൊണ്ടറിയാൻ കാത്തു നിൽക്കുന്നവരല്ല ബുദ്ധിമാന്മാർ. സൂറ *അൽഖലം* 17-26 സൂക്തങ്ങളിൽ ഒരു തോട്ടക്കാരനെ ചിത്രീകരിക്കുന്നുണ്ട്. അതും ഈ ആശയം ഉൾക്കൊള്ളുന്നു. അതിൽനിന്ന് വ്യക്തമാകുന്നതിതാണ്. ഒരു ജനതയിൽ അല്ലാഹുവിന്റെ ന്യായം പൂർത്തിയായിക്കഴിഞ്ഞാൽ അവരുടെ ഉത്ഥാനത്തിന്റെ സുവർണ ദശയിൽ തന്നെ അല്ലാഹു അവരെ പിടികൂടുന്നു. കാരണം, അല്ലാഹുവിങ്കൽ മൗലിക പ്രാധാന്യമുള്ളത് ജനങ്ങളുടെ വിശ്വാസങ്ങൾക്കും കർമങ്ങൾക്കുമാണ്; അവരുടെ ഭൗതിക ശക്തികൾക്കും സജ്ജീകരണങ്ങൾക്കുമല്ല. ഒരു ജനതയുടെ ധാർമികാധപതനം പൂർണമായിക്കഴിഞ്ഞാൽ ശക്തിയുടെയും സജ്ജീകരണങ്ങളുടെയും സമൃദ്ധിക്ക് അവരെ നിലനിർത്താനാവില്ല. അപ്പോൾ അതെല്ലാം അവരുടെ നാശത്തിന് വേഗം കൂട്ടുകയാണ് ചെയ്യുക.

**25:** ക്ഷുദ്രമായ ഭൗതിക മോഹങ്ങൾക്കു പിന്നാലെയുള്ള അശാന്തമായ പരക്കംപാച്ചിലിനു പകരം അല്ലാഹു മനുഷ്യരെ വിളിക്കുന്നത് സമാധാനത്തിന്റെയും ശാന്തിയുടെയും ഗേഹത്തിലേക്കാണ്. دَارِ ٱلسَّلَٰمِ (സമാധാനത്തിന്റെ ഗേഹം) എന്ന പ്രയോഗത്തിന് വിശാലമായ അർഥങ്ങളുണ്ട്. 'സലാം' അല്ലാഹുവിന്റെ നാമങ്ങളിലൊന്നാണ്. അതനുസരിച്ച് പ്രവാചകന്മാരിലൂടെ അല്ലാഹു മനുഷ്യരെ ക്ഷണിക്കുന്നത് അവന്റെ വീട്ടിലേക്കാണ്. ക്ഷണിച്ചു വരുത്തുന്നവർ അതിഥികളാണല്ലോ. അതിഥികൾ സൽക്കാരവും ആദരവും അർഹിക്കുന്നു. അല്ലാഹുവിന്റെ അതിഥികൾക്ക് ഒരുക്കിവെച്ചിട്ടുള്ള ആദരവാർന്ന സ്വീകരണവും സൽക്കാരവുമാണ് സ്വർഗവും അതിലെ വിഭവങ്ങളും. സ്വർഗീയ വിഭവങ്ങളെ അല്ലാഹു അവന്റെ അതിഥി സൽക്കാരം نُزُلًا مِّنْ غَفُورٍ رَّحِيمٍ -എന്ന് സൂറ *ഹുസ്സിലത്* 32-ാം സൂക്തത്തിൽ വിശേഷിപ്പിക്കുന്നുണ്ട്. സൂറ *അസ്സജദ* 19-ാം സൂക്തത്തിൽ പറയുന്നു:

أَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَلَهُمْ جَنَّٰتُ ٱلْمَأْوَىٰ نُزُلًۢا بِمَا كَانُوا۟ يَعْمَلُونَ ﴿١٩﴾

(എന്നാൽ സത്യം സ്വീകരിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർക്ക് സ്ഥിരവാസത്തിനു സ്വർഗമുണ്ട്; അവർ പ്രവർത്തിച്ചതിന്റെ പേരിൽ സൽക്കാരമായിട്ട്).

സ്വർഗത്തിലേക്ക് -الى الجنّة- വിളിക്കുന്നു എന്നതിനു പകരം ഇവിടെ സമാധാന ഗേഹത്തിലേക്ക് - إِلَىٰ دَارِ ٱلسَّلَٰمِ - എന്നു പറഞ്ഞത് ഭൗതിക സുഖങ്ങൾക്കു പിന്നാലെയുള്ള മത്സരിച്ചോട്ടത്തെ മുൻനിർത്തിക്കൊണ്ടാണ്. അല്ലാഹുവിന്റെ ഗേഹത്തിൽ വ്യഥക്കും വ്യസനത്തിനും ഇടമില്ല. ഭാവിയെക്കുറിച്ച് ഉൽകണ്ഠയില്ല. ഭൂതത്തെക്കുറിച്ച് ഖേദവുമില്ല. പരമശാന്തിയും നിത്യാനന്ദവുമാണവിടെ.

സലാം (സമാധാനം) തന്നെയാണ് മനുഷ്യന്റെ സുഖസന്തോഷവും ആനന്ദവുമെല്ലാം. സമാധാനമുണ്ടെങ്കിൽ മറ്റൊന്നിന്റെയും ഇല്ലായ്മ മനുഷ്യൻ അറിയുന്നില്ല. സമാധനമില്ലെങ്കിൽ മറ്റെന്തെല്ലാമുണ്ടായാലും കാര്യവുമില്ല. യഥാർഥ സമാധാനം അല്ലാഹുവിങ്കൽ നിന്നാണ് ലഭിക്കേണ്ടത്. അല്ലാഹുവിങ്കൽ നിന്നുള്ള സമാധാനം നശിപ്പിക്കാൻ യാതൊന്നിനും കഴിയില്ല. സ്വർഗവാസികൾക്കുള്ള ആശംസയായി സൂറ *യാസീൻ* 58-ാം സൂക്തത്തിൽ പറയുന്നു: سَلَٰمٌ قَوْلًا مِّن رَّبٍّ رَّحِيمٍ . സൂറ *അർറഅ്ദ്* 23,24 സൂക്തങ്ങളിൽ പറയുന്നു:

وَٱلْمَلَٰٓئِكَةُ يَدْخُلُونَ عَلَيْهِم مِّن كُلِّ بَابٍ ﴿٢٣﴾ سَلَٰمٌ عَلَيْكُم

('നിങ്ങൾക്കു സമാധാനം' എന്നാശംസിച്ചുകൊണ്ട് സകല കവാടങ്ങളിലൂടെയും മലക്കുകൾ അവരെ അഭിവാദ്യം ചെയ്യാനെത്തുന്നു).

സമ്പത്താകട്ടെ സ്ഥാനമാനങ്ങളാകട്ടെ, ശക്തിയും സൗന്ദര്യവുമാകട്ടെ എത്രയൊക്കെ നേടിയാലും മനുഷ്യൻ ഇവിടെ പൂർണ സംതൃപ്തനാകുന്നില്ല. എന്ത് എത്ര കിട്ടിയാലും അതിനപ്പുറം കാംക്ഷിച്ചുകൊണ്ടിരിക്കും. ഓരോ നേട്ടത്തിലും മറ്റുള്ളവരെ കവച്ചു വെക്കണമെന്ന മത്സരബുദ്ധിയും അവനിലുണ്ട്. ഇതു പലപ്പോഴും മറ്റുള്ളവരോട് വെറുപ്പും വിദ്വേഷവും അസൂയയുമൊക്കെയായി മാറുന്നു. ഇതെല്ലാം മനഃസമാധാനത്തെ വേട്ടയാടുന്ന ഹിംസ്ര ജന്തുക്കളാണ്. കൈവശപ്പെടുത്തിയ നേട്ടങ്ങൾ കൈമോശം വന്നുപോകുമോ എന്ന ഭയവും അവനെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കും. സ്വർഗരാജ്യത്തെത്തുന്നവർ ഇത്തരം ഭയങ്ങളിൽനിന്നും ഉൽകണ്ഠകളിൽനിന്നും അസൂയാദി മനോദൗഷ്ട്യങ്ങളിൽനിന്നും മുക്തരാകുന്നു.

وَلَكُمْ فِيهَا مَا تَشْتَهِىٓ أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ

(അവിടെ നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം ലഭിക്കും; നിങ്ങളാവശ്യപ്പെടുന്നതെന്തും ലഭിക്കും - 41:31). ആഗ്രഹസാഫല്യത്തിന് അധ്വാനത്തിന്റെയോ ഉൽകണ്ഠ നിറഞ്ഞ കാത്തിരിപ്പിന്റെയോ മത്സരത്തിന്റെയോ ആവശ്യമില്ല. മോഹഭംഗത്തിനും വൈരാഗ്യത്തിനും അവസരവുമില്ല. മത്സരമില്ലാത്തിടത്ത് തജ്ജന്യമായ ദുഷ്ടതകൾക്കുമില്ല ഇടം. കളവും പരദൂഷണവും ഏഷണിയുമില്ല. لَّا يَسْمَعُونَ فِيهَا لَغْوًا وَلَا كِذَّٰبًا (അതിൽ അവർ കെടുവർത്തമാനവും കള്ളവും കേൾക്കുകയേയില്ല- 78:35).

لَا يَسْمَعُونَ فِيهَا لَغْوًا وَلَا تَأْثِيمًا ﴿٢٥﴾ إِلَّا قِيلًا سَلَٰمًا سَلَٰمًا

(അവരവിടെ കെട്ട വർത്തമാനങ്ങളോ കുറ്റപ്പെടുത്തലുകളോ കേൾക്കുകയില്ല. കേൾക്കുന്നത് ശാന്തി, ശാന്തി എന്നു മാത്രമായിരിക്കും - 56:25,26).

ആർത്തികളിൽനിന്നും ആസക്തികളിൽനിന്നും മാത്സര്യത്തിൽനിന്നും മനസ്സ് മുക്തമാകുന്നതനുസരിച്ചാണ് ഈ ലോകത്തും മനുഷ്യന്റെ ശാന്തിയും സമാധാനവും. ആർത്തിയും ആസക്തിയും മാത്സര്യവും കൂടുംതോറും അശാന്തിയും കൂടിക്കൊണ്ടിരിക്കും. ഭൗതികമായ കാമമോഹാദികളെ നിയന്ത്രിക്കുകയാണ് ഭൗതിക ജീവിതത്തിലും സമാധാനം നേടാനുള്ള മാർഗം. ദൈവബോധവും ദൈവദാസ്യവുമാണ് അതിനുള്ള മാർഗം. അതാണ് ഖുർആൻ പറഞ്ഞത് أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ (അറിയുവിൻ, ദൈവസ്മരണയിലാണ് ഹൃദയങ്ങൾ ശാന്തമാകുന്നത് - 13:28)

അല്ലാഹു അവന്റെ ദൂതന്മാരിലൂടെ നിർദേശിച്ച ജീവിത ക്രമമാണ് അവന്റെ സന്ദേശം دعوة الله. ഈ ക്രമവുമായി നമ്മുടെ ജീവിതം എത്രത്തോളം സമീകൃതമാകുന്നുവോ അത്രത്തോളം ഈ ജീവിതത്തിൽ നാം സമാധാനം പ്രാപിക്കുന്നു. അതിൽനിന്ന് എത്രത്തോളം അകലുന്നുവോ അത്രത്തോളം നമ്മുടെ വ്യക്തിജീവിതത്തിലും സമൂഹ ജീവിതത്തിലും അസന്തുഷ്ടിയും അസമാധാനവും വളരുന്നു.

എന്നാൽ അല്ലാഹുവിന്റെ വിളി കേൾക്കാനും സമാധാന

ഗേഹത്തിലേക്കു സഞ്ചരിക്കാനും എല്ലാവർക്കും സൗഭാഗ്യം ലഭിക്കുന്നില്ല; അല്ലാഹു ഇഛിക്കുന്നവർക്കുമാത്രമേ ലഭിക്കൂ. അതായത്, അല്ലാഹുവിന്റെ നടപടിക്രമം -سنّة- പ്രകാരം സന്മാർഗത്തിന് അർഹരാകുന്നവർക്കാണ് സന്മാർഗദർശനം ലഭിക്കുക. അല്ലാഹുവിന്റെ നടപടിക്രമമാകട്ടെ തികച്ചും നീതിപൂർവവും യുക്ത്യധിഷ്ഠിതവുമാണ്. സന്മാർഗം സ്വയം ഇഷ്ടപ്പെടുകയും അന്വേഷിക്കുകയും ചെയ്യാത്തവരെ ബലാൽക്കാരം അതിലേക്ക് വലിച്ചുകൊണ്ടുവരിക അവന്റെ രീതിയല്ല. അല്ലാഹു ഇഛിക്കുന്നവരെ സന്മാർഗത്തിലും ദുർമാർഗത്തിലും ആക്കുക എന്നതിന്റെ വിവക്ഷ, *ഖുർആൻ ബോധനം* നേരത്തെ ഈ പ്രയോഗം വന്ന പലയിടത്തും വിശദീകരിച്ചിട്ടുള്ളതാണ്.

**26:** സമാധാന ഗേഹത്തിലെത്തുന്നവരോടുള്ള അല്ലാഹുവിന്റെ സമീപനം വ്യക്തമാക്കുകയാണീ സൂക്തം. أَحْسَنُوا۟ എന്ന ക്രിയാപദം إحسان എന്ന മൂലത്തിൽനിന്നുള്ളതാണ്. ഇഹ്സാന്റെ അർഥം *ഖുർആൻ ബോധനം* നേരത്തെ വിശദീകരിച്ചിട്ടുണ്ട്. حسن ന്റെ വിശേഷണോത്തമ സ്ത്രീലിംഗ രൂപമാണ് حسنى. മൂടി, കീഴടക്കി, ആവേശിച്ചു എന്നീഅർഥമുള്ള رهق യുടെ ഭാവികാല രൂപമാണ് يَرْهَقُ. എണ്ണയും കൊഴുപ്പും മറ്റും കത്തുമ്പോഴുണ്ടാകുന്ന കറുത്ത ധൂളിയാണ് قَتَرٌ.

അല്ലാഹുവിന്റെ വിളി കേൾക്കുകയും അവന്റെ മാർഗദർശനം പിൻപറ്റുകയും ചെയ്തവർ ദാറുസ്സലാമിൽ എത്തുമ്പോൾ ഈ ലോകത്ത് അവർ ചെയ്തുവെച്ച ഓരോ സൽകൃത്യത്തിനും, എണ്ണത്തിലും വണ്ണത്തിലും അതിനെക്കാൾ മികച്ച പ്രതിഫലം കിട്ടും. അധികം -زِيَادَةٌ- എന്നു പറഞ്ഞതിനെ സൂറ *അൽഅൻആം* ഇങ്ങനെ വിശദീകരിക്കുന്നുണ്ട്. مَن جَآءَ بِٱلْحَسَنَةِ فَلَهُۥ عَشْرُ أَمْثَالِهَا (നന്മയുമായി വന്നവന് അതിന്റെ പത്തിരട്ടി പ്രതിഫലമുണ്ട്) സൽകർമങ്ങൾക്ക് പത്തു മുതൽ എഴുന്നൂറ് ഇരട്ടിവരെ ഫലം നൽകപ്പെടുമെന്ന് പ്രവാചകൻ(സ) പ്രസ്താവിച്ചതായി നിവേദനങ്ങളുണ്ട്. ഇമാം മുസ്ലിമും അഹ്മദും തിർമിദിയും നബി(സ) പ്രസ്താവിച്ചതായി ഉദ്ധരിച്ച ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: “സ്വർഗാവകാശികൾ സ്വർഗത്തിൽ പ്രവേശിച്ചാൽ അല്ലാഹു ചോദിക്കും: ‘ഞാൻ ഇനിയും വല്ലതും നിങ്ങൾക്ക് കൂടുതലായി തരേണമോ?’ അവർ പറയും: ‘നീ ഞങ്ങളുടെ മുഖം ശോഭിതമാക്കിയില്ലേ, ഞങ്ങളെ സ്വർഗത്തിൽ പ്രവേശിപ്പിച്ചില്ലേ, നരകത്തിൽ നിന്നു ഞങ്ങൾക്ക് മോചനമരുളിയില്ലേ?!!’ അന്നേരം അവർക്കും അല്ലാഹുവിനുമിടയിലുള്ള മറ നീങ്ങിപ്പോകും. അപ്പോൾ തങ്ങളുടെ അത്യുന്നതനായ വിധാതാവിനെ കാണാൻ കഴിയുന്നതിനെക്കാൾ പ്രിയപ്പെട്ട മറ്റൊന്നും അവർക്കു ലഭിച്ചിരിക്കില്ല.” ഇങ്ങനെ പാരത്രിക പ്രതിഫലത്തിന്റെ നിലവാരം വ്യത്യസ്തമാണ്. ചിലർക്ക് പത്തിരട്ടി, ചിലർക്ക് നൂറിരട്ടി, ചിലർക്ക് എഴുന്നൂറ് ഇരട്ടി, ചിലർക്ക് അതിനപ്പുറമുള്ള ഉന്നത സ്ഥാനങ്ങൾ, ചിലർക്ക് ഔന്നത്യത്തിന്റെയും മഹത്വത്തിന്റെയും പാരമ്യമായ അല്ലാഹുവിനെ നേരിൽ ദർശിക്കൽ. ഇതിൽ ഏതു പ്രതിഫലം ലഭിക്കുന്നവരും അവരുടെ അവസ്ഥയിൽ ശാന്തിയും സന്തോഷവുമനുഭവിക്കുന്നു. അവരുടെ മുഖം സദാ പ്രസന്നവും പ്രശോഭിതവുമാകുന്നു. നൈരാശ്യമോ വൈക്ലബ്യമോ, ഭയത്തിന്റെയും ദുഃഖത്തിന്റെയും കരുവാളിപ്പോ ആ മുഖങ്ങളെ ഏശുന്നില്ല. അവർ നിന്ദക്കും അപകർഷത്തിനും വിധേയരാകുന്നുമില്ല. അവർ മലക്കുകളാൽ ആദരവോടെ സ്വാഗതം ചെയ്യപ്പെടുകയും സ്വർഗത്തിലേക്കു നയിക്കപ്പെടുകയും ചെയ്യുന്നു. തുടർന്ന് സ്വർഗത്തിലെ നിത്യവാസികളാകുന്നു. ■